# വാർഷിക പ്രവർത്തന പദ്ധതി

## 2019 – 2020

## ബഡ്സ് സ്ഥാപനങ്ങൾ

# ആമുഖം

കേരളത്തിലെ ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസ പുനരധിവാസ പ്രയത്നങ്ങളിൽ ഏറ്റവും വലിയ കാൽവെപ്പായിരുന്നു കുടുംബശ്രീയുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ആരംഭിച്ച ബഡ്സ് സ്പെഷ്യൽ സ്കൂളുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക വിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം പോലെതന്നെ ക്രമാനുസൃതവും ശാസ്ത്രീയവുമായി രൂപപ്പെടുത്തുക വഴി മാത്രമേ ഇവരുടെ പരമാവധി വികസനം സാധ്യമാക്കാനും അവരെ സ്വാശ്രയത്ത്വത്തിലേയ്ക്ക് നയിക്കുന്നതിനും സാധിക്കുകയുള്ളൂ. കേരളത്തിലും ഈ വിഷയം ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്ന കാലത്താണ് ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവരെയും സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം കുടുംബശ്രീ ഏറ്റെടുത്തത്. കുടുംബശ്രീയുടെ സാമൂഹ്യ പരമായ ഇടപെടലിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ബഡ്സ് സ്ഥാപനങ്ങൾ. വീടുകൾക്കുള്ളിൽ നാലു ചുമരുകൾക്കിടയിൽ തളയ്ക്കപ്പെട്ടിരുന്ന ഭിന്നശേഷിക്കാരെയും അവരുടെ മാതാപിതാക്കളെയും ദാരിദ്ര്യത്തിന്റെയും ഒറ്റപ്പെടലിന്റെയും നീറുന്ന ജീവിതത്തിൽ നിന്നും സമൂഹത്തിന്റെ ഭാഗമാക്കി മാറ്റാൻ ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീക്ക് ഇന്നും കഴിയുന്നു എന്നത് ശ്രദ്ധേയമാണ്.

2004 ൽ തുടക്കം കുറിച്ച ഈ നയം മാററം, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസത്തിൽ സമഗ്രമായ മാറ്റങ്ങൾക്കു വഴി തെളിച്ചു. കൂടുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുവാൻ താൽപ്പര്യം പ്രകടിപ്പിച്ചു മുമ്പോട്ട് വരികയും സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്ര വികസനം എന്ന ലക്ഷ്യത്തിലൂന്നി വിവിധങ്ങളായ പ്രവർത്തനങ്ങളാണ് കുടുംബശ്രീ നടത്തി വരുന്നത്. കുടുംബശ്രീയുടെ പ്രധാന സാമൂഹ്യ ഇടപെടലായ ബഡ്സ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 2019 –20 സാമ്പത്തിക വർഷത്തിലും ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫലദായക പ്രവർത്തനങ്ങളാണ് നടപ്പിലാക്കുക.

## BUDS 01

## 12.5 ലക്ഷം രൂപ നൽകിയ

## ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുക

**പശ്ചാത്തലം**

കേരളത്തിലെ ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവരുടെ വിദ്യാഭ്യാസവും പുനരധിവാസവും സർവത്രികമാക്കുക എന്ന ലക്ഷ്യത്തോടെ 2018–19 സാമ്പത്തിക വർഷത്തിൽ 200 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കൂടി ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ നിർദേശ പ്രകാരം 12.5 ലക്ഷം രൂപ നൽകിയിരുന്നു. 2018 സപ്റ്റംബർ മാസത്തിലാണ് ജില്ലാ മിഷനുകൾക്കു തുക അനുവദിച്ചു നൽകിയത്. ജില്ലാ മിഷനുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഈ തുക മിക്കവാറും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ചിലവഴിച്ചിട്ടില്ല. ആയതിനാൽ ഈ വർഷത്തിലെ മെയ് മാസം മുതൽ ജൂലൈ മാസം വരെയുള്ള ആദ്യ പാദത്തിൽ തന്നെ ഈ തുക ചിലവഴിപ്പിക്കുന്നതിനും ഭിന്ന ശേഷി സൗഹൃദ സ്ഥാപനങ്ങൾ പ്രവർത്തന ക്ഷമം ആകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ –1 (2019 മെയ് –ജൂലൈ) & ക്വാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)**

1.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചർച്ച നടത്തുക

2.ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുക

3. 12.5ലക്ഷം രൂപ ഉപയോഗിക്കുക

4. UCവാങ്ങുക

5.UC സംസ്ഥാന മിഷനിലേക്കു അയച്ചു രണ്ടാം ഗഡുവിനായി അപേക്ഷിക്കുക

## ക്വാർട്ടർ –3 (2019 നവംബർ – 2020 ജനുവരി)

ഈ സാമ്പത്തിക വർഷത്തിലെ മൂന്നാമത്തെ ക്വാർട്ടർ ആകുമ്പോഴേക്കും 200 സ്ഥാപനങ്ങളും 12 .5 ലക്ഷം രൂപ മുഴുവനായും ഉപയോഗിക്കേണ്ടതും ധന വിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാന മിഷനിൽ എത്തിക്കേണ്ടതുമാണ്.

## ചുമതലകൾ

ഓരോ ബ്ലോക്കിലേയും തുക അനുവദിച്ചിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബ്ലോക്ക് കോർഡിനേറ്റർമാർ ഒന്നാമത്തെ ക്വാർട്ടറിൽ തന്നെ ചർച്ചകൾ നടത്തുകയും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും തുക ചിലവഴിക്കുന്നതിനും വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യണം. ഓരോ ജില്ലയിലെയും ജില്ലാ പ്രോഗ്രാം മാനേജർമാർ (ഡി പി എം )/ഡി പി എം ചുമതല വഹിക്കുന്നവർ ഒന്നാം പാദത്തിൽ കൈവരിച്ച ഭൗതിക സാമ്പത്തിക നേട്ടങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഓരോ മാസവും പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്. ജില്ലാ മിഷന്റെ ഇടപെടലുകൾ ആവശ്യമുള്ള ഇടങ്ങളിൽ ജില്ലാ മിഷൻ ഉദ്യോഗസ്ഥരുടെ സാന്നിധ്യം (എ.ഡി.എം.സി, ഡി.പി.എം /ഡി.പി.എം ചുമതല വഹിക്കുന്നവർ) ബി. സി. മാർ ഉറപ്പു വരുത്തേണ്ടതാണ്.

ഒന്നും രണ്ടും ക്വാർട്ടറിൽ തന്നെ സ്ഥാപനങ്ങൾ ആരംഭിച്ചു കുടുംബശ്രീ അനുവദിച്ചു നൽകിയ 12 .5 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ്. അത് വഴിയായി മൂന്നാമത്തെ ക്വാർട്ടർ ആകുമ്പോഴേക്കും 200 സ്ഥാപനങ്ങളും പ്രവർത്തന ക്ഷമമാക്കുന്നതിനും പഠന പരിശീലന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സാധിക്കും. ഇതിന്റെ പൂർണ്ണമായ ചുമതലയും സാമൂഹ്യ വികസനം എ.ഡി.എം.സി, ഡി.പി.എം /ഡി.പി.എം ചുമതല വഹിക്കുന്നവർ എന്നിവർ വഹിക്കേണ്ടതാണ്

# BUDS 02
# ബഡ്സ് സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുക

## പശ്ചാത്തലം

കുടുംബശ്രീയുടെ മേൽനോട്ടത്തിൽ 2004 ആണ് ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി ആദ്യമായി ബഡ്സ് സ്ഥാപനം ആരംഭിച്ചത്. കാലക്രമേണ കൂടുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് ഇത് വ്യാപിച്ചു. ആദ്യകാലഘട്ടങ്ങളിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് അവരുടെ കുട്ടികളെ പകൽ പരിപാലനത്തിന് അയക്കുന്ന ഒരു കേന്ദ്രമെന്ന നിലയിലാണ് ബഡ്സ്

സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നത്. ആയതുകൊണ്ട് തന്നെ വളരെ പരിമിതമായ സാഹചര്യങ്ങളിലാണ് പല സ്ഥാപനങ്ങളും ആരംഭിച്ചതും പ്രവർത്തിക്കുന്നതും. ഈ ഒരു അവസ്ഥയിൽ നിന്നും ബഡ്സ് സ്ഥാപനങ്ങളെ മാറ്റിയെടുക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ പുതിയതായി ആരംഭിക്കുന്നതോ പഴയ സ്ഥാപനങ്ങളിൽ പുനർ നിർമ്മാണം നടത്തുന്നവയോ ആയ ബഡ്സ് സ്ഥാപനങ്ങളെ ഒരു മോഡൽ സ്ഥാപനമായി ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്. ഒരു ബ്ലോക്കിൽ ഒന്ന് എന്ന നിലയിൽ മോഡൽ ബഡ്സുകൾ ഉയർത്തിക്കൊണ്ടു വരേണ്ടത് ആധുനിക കാലത്തിന്റെ ആവശ്യമാണ്. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ മികച്ച വിദ്യാഭ്യാസ പുനരധിവാസ സൗകര്യങ്ങൾ ഒരുക്കുകയും അതിലൂടെ അവരുടെ സമഗ്ര വികസനം സാധ്യമാക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം.

## എന്താണ് മോഡൽ ബഡ്സ്?

കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ക്ലാസ് റൂമുകൾ, സ്റ്റാഫ് റൂം, തെറാപ്പി റൂം, തെറാപ്പി സൗകര്യങ്ങൾ, സൗകര്യമുള്ള അടുക്കള, സ്റ്റോർ റൂം, ചുറ്റു മതിൽ, റാമ്പ് റെയിൽ സൗകര്യങ്ങൾ, കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ശുചിമുറികൾ, അദ്ധ്യാപകരുടെ എണ്ണം, ആയമാർ, കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ, കളിസ്ഥലം, കളിയുപകരണങ്ങൾ, ഫർണിച്ചറുകൾ, ചിട്ടയായ പ്രവർത്തനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ കൃത്യമായ ഇടപെടലുകൾ, കുട്ടികളുടെ വിദ്യാഭ്യാസ, തൊഴിൽ, സാമൂഹിക പരമായ കാര്യങ്ങളിൽ ഉണ്ടാക്കിയെടുക്കുന്ന മാറ്റങ്ങൾ, വ്യക്തി അധിഷ്ഠിതമായ ഇടപെടലുകൾ, മറ്റു കാലാനുസൃതമായ മാറ്റങ്ങൾ, എസ് സി ഇ ആർ ടി യുടെ EPICC ടൂൾ ഉപയോഗിച്ച് കുട്ടികളെ വിലയിരുത്തൽ, ബഡ്സ് സ്ഥാപനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും രേഖകളുടെയും ചിട്ടയായ ഉപയോഗം തുടങ്ങിയവ മികച്ച രീതിയിൽ നടപ്പാക്കുന്ന സ്ഥാപനങ്ങളെ മോഡൽ ബഡ്സ് എന്ന് വിലയിരുത്താവുന്നതാണ്.

## EVALUATION PROGRAMME FOR INTELLECTUALLY CHALLENGED CHILDREN (EPICC)

1. ഭാഷാ നൈപുണികൾ
2. പരിസര നൈപുണികൾ
3. ഗണിത നൈപുണികൾ
4. പ്രാഥമിക ഗാർഹിക നൈപുണികൾ
5. സാമൂഹിക നൈപുണികൾ
6. ആരോഗ്യ ജീവിത നൈപുണിയും മൂല്യ ബോധവും
7. കലാ കായിക നൈപുണികൾ
8. സാങ്കേതിക വിദ്യാ നൈപുണികൾ

6 വയസു മുതൽ 11 വയസു വരെയുള്ള കുട്ടികൾ 5 വർഷം കൊണ്ട് നേടിയിരിക്കേണ്ട കഴിവുകളും ശേഷികളുമാണിത്.

ഈ പ്രായത്തിലുള്ള കുട്ടികളെ അധ്യാപകർ ഉചിതമായ രീതിയിൽ വിലയിരുത്തുന്നുണ്ട് എന്നുറപ്പു വരുത്തേണ്ടതാണ്.

**കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ –1 (2019 മെയ് –ജൂലൈ)**

1)ഓരോ ബ്ലോക്കിലേയും സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ മനസിലാക്കുക

2)ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വകയിരിത്തിയിരിക്കുന്ന തുക സ്ഥാപനങ്ങളുടെ വികസനത്തിന് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ നടത്തുക

**ക്വാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)**

അടിസ്ഥാന സൗകര്യങ്ങളുടെ വികസനം സാധ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തുക

**ക്വാർട്ടർ –3 (2019 നവംബർ – 2020 ജനുവരി)**

ഒരു ബ്ലോക്കിൽ ഒരു മോഡൽ ബഡ്സ് എങ്കിലും സാധ്യമാകുക

## BUDS 03
## പുതിയ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുക

**പശ്ചാത്തലം**

2014 ലെ ഭിന്നശേഷിക്കാരുടെ സർവ്വേ പ്രകാരം ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനായി കൂടുതൽ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കേണ്ടത് ആവശ്യമാണ്. ഈ ആവശ്യം മുന്നിൽ കണ്ടുകൊണ്ടു സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പുതിയ ബഡ്സ് സ്ഥാപനങ്ങളുടെ ആരംഭിക്കൽ പ്രഖ്യാപിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ആവശ്യകത കണ്ടെത്തി പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്.

## ക്വാർട്ടർ –1 (2019 മെയ് –ജൂലൈ)

ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലെയും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരുടെ എണ്ണം കണക്കാക്കി (2015 ഡിസബിലിറ്റി സർവ്വേ) ഏതൊക്കെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലാണ് ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള ആവശ്യകത ഉള്ളത് എന്ന് കണ്ടു പിടിക്കുക.

പ്രസ്തുത തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തു വേറെ സ്വകാര്യ സ്ഥാപനങ്ങൾ സർക്കാരിന്റെ അംഗീകാരത്തോടെ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക

തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ചർച്ചകൾ നടത്തി സ്ഥാപനം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ കൈകൊള്ളുക

## ക്വാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)

ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുക

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും കമ്മറ്റി തീരുമാനവും, ഡി പി ആറും സ്വീകരിക്കുക

കമ്മറ്റി തീരുമാനവും, ഡി പി ആറും ജില്ലാമിഷനിൽ എത്തിക്കുക

കമ്മറ്റി തീരുമാനവും, ഡി പി ആറും സംസ്ഥാന മിഷനിലേക്കു അയക്കുക

## ക്വാർട്ടർ –3 (2019 നവംബർ – 2020 ജനുവരി)

ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുക

## BUDS 04
## ബഡ്സ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

**പശ്ചാത്തലം**

ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സർക്കാരിൽ നിന്നും രജിസ്ട്രേഷൻ നേടേണ്ടതായിട്ടുണ്ട്. മൂന്നു വർഷത്തേക്കാണ് സർക്കാർ രജിസ്ട്രേഷൻ നൽകുന്നത്. ഓരോ മൂന്നു വർഷം കൂടുമ്പോളും രജിസ്ട്രേഷൻ പുതുക്കേണ്ടതായിട്ടും ഉണ്ട്. ബഡ്സ് സ്കൂളുകൾ രജിസ്റ്റർ ചെയ്യേണ്ടത് പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലും ബഡ്സ് റീഹാബിലിറ്റേഷൻ സന്റെറുകൾ (ബി ആർ സി ) സാമൂഹ്യ നീതി വകുപ്പിന് കീഴിലുമാണ്. ഓരോ സ്ഥാപനവും ആരംഭിച്ചു ആറ് മാസം കഴിയുന്ന മുറയ്ക്ക് സ്ഥാപന രജിസ്ട്രേഷന് അപേക്ഷിക്കാവുന്നതാണ്. കേരളത്തിൽ നിലവിലുണ്ടായിരുന്ന 76 ബഡ്സ് സ്കൂളുകളിൽ 75 എണ്ണവും വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ലഭിച്ചവയാണ്. എന്നിരുന്നാലും 106 ബി ആർ സി കളിൽ 35 എണ്ണത്തിന് മാത്രമാണ് സാമൂഹ്യ നീതി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ആയതിനാൽ ബാക്കിയുള്ളവക്ക് കൂടി അംഗീകാരം നേടിയെടുക്കേണ്ടതായിട്ടുണ്ട്. കൂടാതെ പുതിയതായി തുടങ്ങിയ സ്ഥാപനങ്ങളും രജിസ്ട്രേഷനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## **ക്വാർട്ടർ –1 (2019 മെയ് –ജൂലൈ)**

- ബ്ലോക്കിലെ നിലവിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളുടെയും ബി ആർ സി കളുടെയും രജിസ്ട്രേഷൻ പരിശോധിക്കുക.
- രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റിന്റെ ഒരു കോപ്പി സംസ്ഥാന മിഷനിലേക്കു അയച്ചു നൽകുക.
- രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ സ്പ്രെഡ് ഷീറ്റിൽ ചേർക്കുക
- സ്ഥാപനം തുടങ്ങി ആറു മാസമായതും എന്നാൽ രജിസ്ട്രേഷന് അപേക്ഷിക്കാത്തതുമായ ബഡ്സ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കുക. (ബഡ്സ് സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിലും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ സാമൂഹ്യ നീതി വകുപ്പിലുമാണ് രജിസ്റ്റർ ചെയ്യേണ്ടത്)

## **ക്വാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)**

- ജില്ലാ തലത്തിൽ അപേക്ഷിച്ച ഫയൽ നമ്പറുകൾ ശേഖര
- രജിസ്ട്രേഷനായി സമർപ്പിച്ച അപേക്ഷകളിൽ ജില്ലാതല പരിശോധന നടന്നോ എന്ന് അറിയിക്കുക

## **ക്വാർട്ടർ –3 (2019 നവംബർ –2020 ജനുവരി)**

- സ്ഥാപന രജിസ്ട്രേഷൻ നേടുക
- രജിസ്ട്രേഷൻ ലഭിച്ചില്ല എങ്കിൽ കാരണം കണ്ടെത്തുക

- ന്യൂനതകൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തുക

## BUDS 05
## Capacity Building

**പശ്ചാത്തലം**

ബഡ്സ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സേവന സന്നദ്ധതയും, ജോലിയോടുള്ള പ്രതിബദ്ധതയും ഉയർത്തുന്നതിനും, വിജ്ഞാനം പരിപോഷിപ്പിക്കുന്നതിനും, തങ്ങളായിരിക്കുന്ന സേവന മേഖലയിലെ മാറ്റങ്ങൾ അറിയുന്നതിനും തക്ക വിധത്തിലുള്ള പരിശീലനങ്ങൾഅധ്യാപകർക്ക് നൽകേണ്ടതായിട്ടുണ്ട്. അതു പോലെ തന്നെ ആയമാർക്കും കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകിയാൽ മാത്രമേ അവരുടെ സേവന മേഖലകളിൽ അവർക്കു ആവശ്യമായ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തുവാൻ സാധിക്കുകയുള്ളു. ബഡ്സ് സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും, പ്രാധാന്യത്തെ കുറിച്ചും വ്യക്തമായ ധാരണകൾ നൽകേണ്ടതായിട്ടുണ്ട്.ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ മൂന്നു ക്വാർട്ടറുകളിലും ബഡ്സ് ഉപദേശക സമിതി ചേരേണ്ടതും ജില്ലയിലെ ബഡ്സ് സ്ഥാപനങ്ങളെ നല്ല രീതിയിൽ പ്രവർത്തന സജ്ജമാക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഓരോ ക്വാർട്ടറിലും ജില്ലാ തലത്തിൽ അധ്യാപകരുടെ റിവ്യൂ മീറ്റിംഗ് നടത്തേണ്ടതാണ്

ഈ പരിശീലനങ്ങൾ കൂടാതെ എസ്.സി. ഇ. ആർ.ടി നൽകുന്ന കരിക്കുലം പരിശീലനവും അധ്യാപകർക്ക് ലഭിക്കുന്നതായിരിക്കും. കുടുംബശ്രീ എസ്.സി.ആർ.ടി യുമായി കൂടി ചേർന്ന് നടത്തുന്ന ചർച്ചയുടെ അടിസ്ഥാനത്തിലായിരിക്കും ഈ പരിശീലനം നടത്തുക.

### ക്വാർട്ടർ –1 (2019 മെയ് –ജൂലൈ)

ഒന്നാം ക്വാർട്ടറിൽ എല്ലാ പരിശീലനങ്ങളും അതാതു ജില്ലാ മിഷനുകൾ നടത്തേണ്ടതാണ്. അധ്യാപകർക്കുള്ള പരിശീലനംബഡ്സ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സേവന സന്നദ്ധതയും, ജോലിയോടുള്ള പ്രതിബദ്ധതയും ഉയർത്തുന്നതിനും,വിജ്ഞാനം പരിപോഷിപ്പിക്കുന്നതിനും,തങ്ങളായിരിക്കുന്ന

സേവന മേഖലയിലെ മാറ്റങ്ങൾ അറിയുന്നതിനും തക്ക വിധത്തിലുള്ളതും ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതുമായിരിക്കണം. ഈ മേഖലയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ജില്ലയിൽ തന്നെയുള്ളതോ അയൽ ജില്ലകളിൽ ഉള്ളതോ ആയ സ്പെഷ്യൽ സ്കൂളുകൾ സന്ദർശിച്ചുകൊണ്ടു നൽകുന്ന പരിശീലനമായും ഇത് നൽകാവുന്നതാണ്. ആയമാർക്കു നൽകുന്ന പരിശീലനം ഭിന്ന ശേഷിക്കാരുടെ പരിചരണവുമായി ബന്ധപ്പെട്ടതായിരിക്കണം. ഒന്നാം ക്വാർട്ടറിൽ പരിശീലനങ്ങൾ ഏകദിന പരിശീലനങ്ങൾ ആയി വേണം നടത്തുവാൻ. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ ഇടയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി, ഡിപ്പാർട്മെന്റുകൾ, ഈ മേഖലയിൽ പരിശീലനം നൽകുന്നവർ തുടങ്ങിയവരിൽ നിന്നും വേണം പരിശീലകരെ കണ്ടെത്തുവാൻ.

## 1.അധ്യാപക ലിസ്റ്റ് തയ്യാറാക്കുക

നിലവിൽ പ്രവർത്തിക്കുന്ന അധ്യാപകരിൽ ആർ സി ഐ (റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ) അംഗീകാരം ഉള്ളവരെയും ഇല്ലാത്തവരെയും തിരിച്ചു ലിസ്റ്റ് തയ്യാറാക്കുക. തയ്യാറാക്കിയ ലിസ്റ്റ് സംസ്ഥാന മിഷനിൽ നിന്നും നൽകുന്ന എക്സൽ ഷീറ്റിൽ ചേർക്കുക. ജില്ലകളിൽ നിന്നും ലഭിക്കുന്ന ഈ ലിസ്റ്റ് പ്രകാരമായിരിക്കും എസ് സി ഇ ആർ ടി നൽകുന്ന പരിശീലനങ്ങളിലേക്കുള്ള ലിസ്റ്റ് നൽകുക.

അധ്യാപകരുടെ യോഗ്യത എഴുതുമ്പോൾ സർട്ടിഫിക്കറ്റിൽ ഉള്ള യോഗ്യത അത് പോലെ എഴുതാൻ ശ്രദ്ധിക്കുക. ആർ.സി.ഐ അംഗീകാരം ലഭിച്ച നാൾ മുതൽ അഞ്ചു വർഷത്തിനുള്ളിൽ 100 **CRE**(**Continuing Rehabilitation Education**) points നേടി സർട്ടിഫിക്കറ്റ് പുതുക്കേണ്ടതുണ്ട്. അധ്യാപകർ ഇത് കൃത്യമായി ചെയ്യുന്നുണ്ടോ എന്നത് കൂടി പരിശോധിക്കേണ്ടതാണ്. കുടുംബശ്രീക്ക് നിലവിലെ അവസ്ഥയിൽ **CRE**പരിശീലനങ്ങൾ നൽകുക സാധ്യമല്ല.

2.അധ്യാപക പരിശീലനം

3.ആയമാർക്കുള്ള പരിശീലനം

3. പുതിയ അധ്യാപകർക്കും ആയമാർക്കും പരിശീലനം **(GOT)**

4.തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രതിനിധികൾക്കുള്ള പരിശീലനം

5.ജില്ലാ തല ബഡ്സ് ഉപദേശക സമിതി

6.എല്ലാ പരിശീലനങ്ങളും വിലയിരുത്തി റിപ്പോർട്ട് സംസ്ഥാന മിഷന് നൽകേണ്ടതാണ്.

7. ഓരോ ക്വാർട്ടറിലും ജില്ലാ തലത്തിൽ അധ്യാപകരുടെ റിവ്യൂ മീറ്റിംഗ് നടത്തേണ്ടതാണ്

**<u>ക്വാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)</u>**

1.അധ്യാപക പരിശീലനം

2.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പരിശീലനം

3.ജില്ലാ തല ബഡ്സ് ഉപദേശക സമിതി

4.എല്ലാ പരിശീലനങ്ങളും വിലയിരുത്തി റിപ്പോർട്ട് സംസ്ഥാന മിഷന് നൽകേണ്ടതാണ്.

5. ഓരോ ക്വാർട്ടറിലും ജില്ലാ തലത്തിൽ അധ്യാപകരുടെ റിവ്യൂ മീറ്റിംഗ് നടത്തേണ്ടതാണ്

രണ്ടാമത്തെ ക്വാർട്ടറിൽ അധ്യാപകർക്ക് നൽകുന്ന പരിശീലനവും, തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രതിനിധികൾക്കായി ഒരു പരിശീലനവും കിലയും(KILA),National Institute of Physical Medicine and Rehabilitation (NIPMR) ഉം ആയി കൂടി ചേർന്ന് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ക്വാർട്ടറിൽ ജില്ലകൾ നൽകുന്ന അധ്യാപകരുടെ ലിസ്റ്റ് അനുസരിച്ചായിരിക്കും ഈ പരിശീലനത്തിനുള്ള ബാച്ചുകൾ തീരുമാനിക്കുക. ബാച്ചിന്റെ എണ്ണം അനുസരിച്ചു ഈ പരിശീലനം മൂന്നാമത്തെ ക്വാർട്ടറിലേക്ക് നീളുവാൻ സാധ്യത ഉണ്ട്. എന്നിരുന്നാലും ജില്ലകൾ മൂന്നാമത്തെ ക്വാർട്ടറിൽ അധ്യാപകർക്കായി ഏകദിന പരിശീലനം സംഘടിപ്പിക്കേണ്ടതാണ്.എല്ലാ ജില്ലയിലെയും അധ്യാപകർക്ക് ഒരേ വിധത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിന് ഇത് ഉപകരിക്കും.

**<u>ക്വാർട്ടർ –3 (2019 നവംബർ –2020 ജനുവരി)</u>**

മൂന്നാംക്വാർട്ടറിൽ എല്ലാ പരിശീലനങ്ങളും അതാതു ജില്ലാ മിഷനുകൾ നടത്തേണ്ടതാണ്. അധ്യാപകർക്കുള്ള പരിശീലനം ബഡ്സ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സേവന സന്നദ്ധതയും, ജോലിയോടുള്ള പ്രതിബദ്ധതയും ഉയർത്തുന്നതിനും,വിജ്ഞാനം പരിപോഷിപ്പിക്കുന്നതിനും,തങ്ങളായിരിക്കുന്ന സേവന മേഖലയിലെ മാറ്റങ്ങൾ അറിയുന്നതിനും തക്ക വിധത്തിലുള്ളതുംബുദ്ധിപരമായി

വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസവുമായി ബന്ധപെട്ടതുമായിരിക്കണം. ആയമാർക്കു നൽകുന്ന പരിശീലനം ഭിന്ന ശേഷിക്കാരുടെ പരിചരണവുമായി ബന്ധപ്പെട്ടതായിരിക്കണം. പരിശീലനങ്ങൾ ഏകദിന പരിശീലനങ്ങൾ ആയി വേണം നടത്തുവാൻ. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ ഇടയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി, ഡിപ്പാർട്മെന്റുകൾ, ഈ മേഖലയിൽ പരിശീലനം നൽകുന്നവർ തുടങ്ങിയവരിൽ നിന്നും വേണം പരിശീലകരെ കണ്ടെത്തുവാൻ.

1.അധ്യാപക പരിശീലനം

2.ആയമാർക്കുള്ള പരിശീലനം

3.ജില്ലാ തല ബഡ്സ് ഉപദേശക സമിതി

4.എല്ലാ പരിശീലനങ്ങളും വിലയിരുത്തി റിപ്പോർട്ട് സംസ്ഥാന മിഷന് നൽകേണ്ടതാണ്.

5. ഓരോ ക്വാർട്ടറിലും ജില്ലാ തലത്തിൽ അധ്യാപകരുടെ റിവ്യൂ മീറ്റിംഗ് നടത്തേണ്ടതാണ്

## BUDS 06
## ബഡ്സ് ഹോം ആരംഭിക്കുക

**പശ്ചാത്തലം**

മാതാപിതാക്കൾ നഷ്ടപ്പെട്ടവരും എന്നാൽ സംരക്ഷണം ഏറ്റെടുക്കുവാനായി മാനസിക/ശാരീരിക പ്രാപ്തിയോടുകൂടിയ ബന്ധുക്കൾ ഇല്ലാത്തവരുമായി അഗതിത്വത്തിലേയ്ക്കു തള്ളപ്പെടുന്ന മാനസിക വെല്ലുവിളി നേരിടുന്നവരുടെ സംരക്ഷണത്തിനുള്ള അഭയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ കുടുംബശ്രീ സ്വീകരിച്ചു വരുന്നു.

ബഡ്സ് ഹോമുകൾ ആരംഭിക്കുന്നതിനു ആവശ്യമായ പ്രൊപോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ അനുമതി ലഭിക്കുന്ന മുറക്ക് സ്ഥാപനം ആരംഭിക്കുന്നതിനു വേണ്ട നിർദേശങ്ങൾ നൽകുന്നതാണ്.

## BUDS 07
## ബഡ്സ് സ്ഥാപനങ്ങൾക്ക് വാഹനം

**പശ്ചാത്തലം**

ബഡ്സ് സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുടെയും, അധ്യാപക– അനധ്യാപകരുടെ ശമ്പളം മറ്റ് ചെലവുകൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വഹിക്കുന്നത്. സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളായിരുന്നു ബഡ്സ് സ്ഥാപനങ്ങളിൽ കൂടുതലും ചേർന്നിരുന്നത്. ബഡ്സ് സ്കൂളുകളുടെ കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ആവശ്യമായ വാഹനം വാങ്ങുന്നതിനിനുള്ള ചെലവ് വഹിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കഴിയാത്ത സാഹചര്യത്തിൽ കുടുംബശ്രീയുടെ ശ്രമഫലമായി സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും തുക ലഭ്യമാക്കി 11 ബഡ്സ് സ്ഥാപനങ്ങൾക്ക് വാഹനം 2010–ൽ കുടുംബശ്രീ മുഖാന്തിരം വാങ്ങി നൽകുകയുണ്ടായി.

എന്നാൽ തുടർന്ന് അംഗീകാരം ലഭിച്ച സ്കൂളുകളിലെ കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ടി സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിക്കുകയും 22.02.2011 ൽ ചേർന്ന ഗവേണിംഗ് ബോഡി യോഗം ടി സ്കൂളുകൾക്ക് വാഹനം ലഭ്യമാക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 17/09/2011 ന് കുടുംബശ്രീ മിഷന് ലഭ്യമായ പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിച്ച് 22 സ്കൂളുകൾക്ക് വാഹനം വാങ്ങി നൽകുകയുണ്ടായി. 2012 –ൽ 13 ഉം, 2015 ൽ 6 വാഹനങ്ങളും ഉൾപ്പെടെ ആകെ 52 വാഹനങ്ങൾ കുടുംബശ്രീയ്ക്ക് ലഭിച്ച പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വാങ്ങി നൽകിയിട്ടുണ്ട്.

കുടുംബശ്രീയുടെ ശ്രമ ഫലമായി വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 30 ബഡ്സ് സ്കൂളുകൾക്ക് കൂടി വാഹനം വാങ്ങി നൽകുന്നതിന്

സർക്കാർ ഉത്തരവ് നൽകിയിരുന്നു. ഈ ഉത്തരവിനെ അടിസ്ഥാനമാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക നൽകുവാൻ ജില്ലാ മിഷനുകൾക്കും അറിയിപ്പ് നൽകിയിരുന്നെങ്കിലും എറണാകുളം ജില്ലക്കു മാത്രമാണ് തുക നൽകുവാനായി സാധിച്ചത്. ബാക്കിയുള്ള ജില്ലകൾ ഈ വർഷം ആ തുക നൽകി ബഡ്സ് സ്കൂളുകൾക്ക് വാഹനം ലഭ്യമാക്കേണ്ടതുണ്ട്. ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ചു തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് അനുസരിച്ചാണ് വാഹനം വാങ്ങുന്നതിനുള്ള തുക നൽകേണ്ടത്.

**ക്വാർട്ടർ –1 (2019 മെയ് –ജൂലൈ)**

സംസ്ഥാന മിഷനിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതനുസരിച്ചു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചു നൽകാവുന്നതാണ്.വാഹനം രജിസ്റ്റർ ചെയ്ത ശേഷം വാഹനത്തിന്റെ എല്ലാ രേഖകളുടെയും പകർപ്പും ചിലവായ തുകയുടെ ധന വിനിയോഗ സാക്ഷ്യ പത്രവും ജില്ല മിഷനുകൾ വാങ്ങി സൂക്ഷിക്കേണ്ടതും ഒരു പകർപ്പ് സംസ്ഥാന മിഷനിലേക്കു അയക്കേണ്ടതുമാണ്.

**ക്വാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)&ക്വാർട്ടർ –3 (2019 നവംബർ – 2020 ജനുവരി)**

ബി ആർ സി കൾക്ക് വാഹനം വാങ്ങി നൽകുന്നതിനുള്ള പ്രൊപോസൽ സർക്കാരിലേക്ക് അയക്കുന്നതിനു വേണ്ട നടപടികൾ കൈകൊള്ളുന്നുണ്ട്. സർക്കാർ ഉത്തരവ് ലഭിച്ചാൽ ഉത്തരവിന് വിധേയമായുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## BUDS 08
## ബഡ്സ് കലോത്സവം

**പശ്ചാത്തലം**

ഭിന്നശേഷിക്കാരായ കുട്ടികളുടെവളർച്ചയിൽ കലാകായിക പ്രവർത്തനങ്ങൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. സംഗീതം, നൃത്തം, കല, കൈവേല, കായികം, യോഗ എന്നിവ ഇപ്പോൾ വിദ്യാലയങ്ങളിൽ പാഠ്യവിഷയങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യക്തിപരമായ കഴിവുകളെയും പ്രതിഭകളെയും പോഷിപ്പിക്കുന്നതിനുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങളാണ് ഇവയെല്ലാം.ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികളുടെ കലാപരമായ കഴിവുകൾ പരിപോഷിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൈ പിടിച്ചുയർത്തുന്നതിനുമായി ബഡ്സ് കലോത്സവങ്ങൾ സ്ഥാപന, ജില്ലാ, സംസ്ഥാന തലങ്ങളിൽ സംഘടിപ്പിക്കുക.

**ക്വാർട്ടർ -3 (2019 നവംബർ - 2020 ജനുവരി)**

1.ജില്ലാ തല ബഡ്സ് കലോത്സവം

2.സംസ്ഥാന തല ബഡ്സ് കലോത്സവം

ബഡ്സ് കലോത്സവത്തിന്റെ നടത്തിപ്പിനാവശ്യമായ നിർദേശങ്ങൾ ക്വാർട്ടർ മൂന്നിന്റെ ആരംഭത്തിൽ ജില്ലകൾക്ക് നൽകുന്നതായിരിക്കും. സംസ്ഥാന മിഷനിൽ നിന്നും അറിയിപ്പ് ലഭിച്ചതിനു ശേഷം മാത്രമേ ജില്ലകൾ ബഡ്സ് കലോത്സവങ്ങൾ നടത്തുവാൻ പാടുള്ളൂ.ബഡ്സ് കലോത്സവം കഴിഞ്ഞ ഉടൻ തന്നെ ബഡ്സ് കലോത്സവ റിപ്പോർട്ടും ചിലവഴിച്ച തുകയുടെ വിവരങ്ങളും സംസ്ഥാന മിഷനിൽ അറിയിക്കേണ്ടതാണ്.

## BUDS 09
## അമ്മമാർക്കും കുട്ടികൾക്കുമായി സൂക്ഷ്മ സംരംഭങ്ങൾ

**പശ്ചാത്തലം**

ബഡ്സ് സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ അമ്മമാർക്ക് പലപ്പോഴും കുട്ടികളോടൊപ്പം ബഡ്സ് സ്ഥാപനങ്ങളിൽ തന്നെ ചിലവഴിക്കേണ്ടി വരുന്നതിനാൽ കുട്ടികളുടെ അമ്മമാർക്കും അതു പോലെ തന്നെ ബഡ്സ് സ്ഥാപനങ്ങളിലെ 18 വയസിനു മുകളിലുള്ളവർക്കും സ്ഥിര വരുമാനം ഉറപ്പാക്കുന്ന വിധത്തിലുള്ള സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു അവരെ സ്വാശ്രയത്വത്തിലേക്കു നയിക്കുവാൻ സാധിക്കേണ്ടതുണ്ട്. ഈ കാരണങ്ങൾ കൊണ്ട് തന്നെ അമ്മമാർക്ക് മാത്രമായോ അല്ലെങ്കിൽ അമ്മമാരും കുട്ടികളും കൂടി ചേർന്നുള്ളതോ ആയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നത് ഉചിതമാണ്. ഉപജീവന മാർഗങ്ങൾ ഒരുക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ സൂഷ്മ സംരംഭ പദ്ധതിയിൽ ഉൾപ്പെടുത്തി സൂക്ഷ്മ സംരംഭങ്ങൾ കുട്ടികൾക്കും അമ്മമാർക്കുമായി ആരംഭിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിലും ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്കായി കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ക്വാർട്ടർ -1 (2019 മെയ് -ജൂലൈ)**

1.സി.ഡി.എസ് തലത്തിൽ വിവര ശേഖരണം

2.ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ

3.പരിശീലനം

4. ജില്ലാ തലത്തിൽ 2018–19 വർഷത്തിൽ ആരംഭിച്ചിട്ടുള്ള സൂക്ഷ്മ സംരംഭങ്ങളുടെ വ്യക്തമായ വിവര ശേഖരണം എല്ലാ ജില്ലകളിലും നടത്തേണ്ടതും ക്രോഡീകരിച്ച റിപ്പോർട്ട് സംസ്ഥാന മിഷനിലേക്കു നൽകേണ്ടതുമാണ്..

**<u>ക്വാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)</u>**

1.സ്കിൽ ട്രെയിനിംഗ്

2. ഫണ്ട് നൽകൽ

3. സംരംഭം ആരംഭിക്കുക

**<u>ക്വാർട്ടർ –3 (2019 നവംബർ – 2020 ജനുവരി)</u>**

1.കുറഞ്ഞത് 10000/ രൂപ മാസ വരുമാനം ഉറപ്പു വരുത്തുക

2.സുസ്ഥിരത ഉറപ്പു വരുത്തുക

ഓരോ ക്വാർട്ടറിലും നടക്കുന്ന പ്രവർത്തനങ്ങളിൽ സാമൂഹ്യ വികസനം ബ്ലോക്ക് കോർഡിനേറ്റർമാരുടെയും ജില്ലാ പ്രോഗ്രാം മാനേജർമാർ, എ.ഡി.എം.സി. മാർ എന്നിവരുടെയും മേൽനോട്ടം ഉണ്ടാവേണ്ടതാണ്.

## BUDS 10
## സഞ്ജീവനി – അഗ്രിതെറാപ്പി

**<u>പശ്ചാത്തലം</u>**

ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ശാരീരികവും മാനസികവുമായ ഉണർവ്വ് ഏകുന്നതിനായി കുടുംബശ്രീയുടെ കാർഷിക വിഭാഗവുമായി ചേർന്ന് ബഡ്സ് സ്ഥാപനങ്ങളിൽ നട ത്തുന്ന പദ്ധതിയാണ് സഞ്ജീവനി അഗ്രിതെറാപ്പി. ചെറുതോതിൽ കൃഷി ചെയ്ത് അതിൽ കുട്ടികൾ വ്യാപൃതരാകുമ്പോൾ അവർക്ക് മാനസികോല്ലാസവും ശാരീരിക വ്യായാമവും ലഭിക്കുന്നു.

**<u>ക്വാർട്ടർ –1 (2019 മെയ് –ജൂലൈ)</u>**

1.മാസ്റ്റർ കർഷക കുട്ടികൾക്കും അദ്ധ്യാപകർക്കും പരിശീലനം നൽകുന്നു

2.ബഡ്സ് സ്ഥാപനങ്ങളിൽ കൃഷി ആരംഭിക്കുക

## കാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)

1.കൃഷി ആരംഭിച്ചിട്ടില്ലാത്ത ബഡ്സ് സ്ഥാപനങ്ങളിൽ കൃഷി ആരംഭിക്കുക

2.കൃഷിയിറക്കുന്ന സ്ഥലം, വിസ്തൃതി, വിള റിപ്പോർട്ട് തയ്യാറാക്കുക.

## കാർട്ടർ –3 (2019 നവംബർ – 2020 ജനുവരി)

**1.വിളവെടുപ്പ്**

**2.വിളവെടുപ്പിന്റെ വിശദ വിവരങ്ങൾ, വിനിയോഗം അടങ്ങിയ റിപ്പോർട്ട് (ചിത്രങ്ങൾ സഹിതം) തയ്യാറാക്കുക**

# BUDS 11
# സ്പെഷ്യൽ ബാലസഭകൾ

## കാർട്ടർ –1 (2019 മെയ് –ജൂലൈ)

1.എല്ലാ ബഡ്സ് സ്കൂൾ വിദ്യാർത്ഥികളെയും ബാലസഭയിൽ അംഗങ്ങളാക്കുക.

2.ബാലസഭയിൽ നൽകുന്ന എല്ലാ പ്രവർത്തനങ്ങളും സ്പെഷ്യൽ ബാലസഭയിലും ലഭ്യമാക്കുക

## കാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)

1.സ്പെഷ്യൽ ബാലസഭ രജിസ്ട്രേഷൻ പൂർത്തീകരിച്ചു എം.ഐ.എസിലേക്ക് രേഖപ്പെടുത്തുക

## കാർട്ടർ –3 (2019 നവംബർ – 2020 ജനുവരി)

1.സ്പെഷ്യൽ ബാലസഭ പ്രവർത്തനങ്ങൾ കാര്യ ക്ഷമമായി നടത്തുക

2.റിപ്പോർട്ട് സമർപ്പിക്കുക

(ബാലസഭ 2019 – 20 പ്രവർത്തന പദ്ധതി കാണുക)

# BUDS 12
## നിരാമയ ഇൻഷ്വറൻസ്

**പശ്ചാത്തലം**

കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ പരിധിയിൽ വരുന്ന ഓട്ടിസം, സറെിബ്രൽ പാൾസി, ബുദ്ധിപരമായ വെല്ലുവിളികൾ, മൾട്ടിപ്പ്ൾ ഡിസബിലിറ്റി തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നവർക്ക് ജീവിതത്തിലുടനീളം ആവശ്യമായ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്ന സംപൂർണ്ണ ആരോഗ്യ സുരക്ഷാ പദ്ധതിയാണ് നിരാമയ.

**ക്വാർട്ടർ –1 (2019 മെയ് –ജൂലൈ)**

1.ബഡ്സ് സ്ഥാപനങ്ങളിൽ നിന്നും നിരാമയ ഇൻഷ്വറൻസ് ൽ ചേർന്നിട്ടുള്ളവരുടെ പട്ടിക തയ്യാറാക്കുക

2.അവർക്കു ലഭിച്ച ചികിത്സാ ധനസഹായം എത്രയെന്നു രേഖപ്പെടുത്തി സൂക്ഷിക്കുക

**ക്വാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)**

1.ചികിത്സാ ചിലവ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

2.ലഭിച്ച ചികിത്സാ ധനസഹായം രേഖപ്പെടുത്തി സൂക്ഷിക്കുക

**ക്വാർട്ടർ –3 (2019 നവംബർ – 2020 ജനുവരി)**

1.ചികിത്സാ ചിലവ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

2.ലഭിച്ച ചികിത്സാ ധനസഹായം രേഖപ്പെടുത്തി സൂക്ഷിക്കുക

3.റിപ്പോർട്ട് സമർപ്പിക്കുക

എല്ലാ വർഷവും ജനുവരി–ഫെബ്രുവരി മാസങ്ങളിലാണ് പോളിസി കാർഡ് പുതുക്കേണ്ടത് . സംസ്ഥാന മിഷനിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതനുസരിച്ചു എല്ലാ ബഡ്സ് സ്ഥാപനങ്ങളെയും വിവരം അറിയിക്കേണ്ടതും പോളിസി പുതുക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. പുതിയതായി ആളുകളെ ചേർക്കേണ്ടതും

ഈ കാലയളവിലായിരിക്കും ആയതിനാൽ ബഡ്സ് സ്ഥാപനങ്ങളിൽ നിന്നും പുതിയ ആളുകളെ നിരാമയ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷകളും സമർപ്പിക്കാവുന്നതാണ്. ഓരോ ബഡ്സ് സ്ഥാപനത്തിൽ നിന്നും പദ്ധതിയിൽ ചേർന്നവരുടെയും പേര് വിവരങ്ങൾ എല്ലാ ബ്ലോക്ക് കോർഡിനേറ്റർമാരും ശേഖരിക്കേണ്ടതും അതു ജില്ലാ തലത്തിൽ ജില്ലാ പ്രോഗ്രാം മാനേജർമാർ ക്രോഡീകരിച്ചു സൂക്ഷിക്കേണ്ടതുമാണ്.

## BUDS 13
## ബഡ്സ് സ്ഥാപനങ്ങളുടെ വിവര ശേഖരണം

**പശ്ചാത്തലം**

കേരള സർക്കാരിന്റെ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു പദ്ധതിയാണ് ബഡ്സ് സ്ഥാപനങ്ങൾ. ആയതുകൊണ്ട് തന്നെ ബഡ്സ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ നിശ്ചിത ഇടവേളകളിൽ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ അധ്യാപകരുടെ പരിശീലനങ്ങൾ, സാമൂഹ്യ നീതി വകുപ്പിന്റെ മീറ്റിംഗുകൾ, വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ, നിയമസഭാ സമ്മേളനങ്ങൾ തുടങ്ങിയവയ്ക്കും ബഡ്സ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറേണ്ടതുണ്ട്.

ബഡ്സ് സ്ഥാപനങ്ങളെ മൂന്നായി തിരിച്ചാണ് വിവര ശേഖരണം നടത്തേണ്ടത് .

1)200 പുതിയ ബഡ്സ് സ്ഥാപനങ്ങൾ പ്രഖ്യാപിക്കുന്നതിന് മുമ്പുള്ള 182 സ്ഥാപനങ്ങൾ

2) 200 പുതിയ സ്ഥാപനങ്ങളിൽ ഉൾപെട്ടവ (12.5 ലക്ഷം രൂപ നൽകിയത്)

3)മേൽ പറഞ്ഞവയിൽ ഉൾപ്പെടാതെ 2018–19 വർഷം മുതൽ ആരംഭിച്ചവ

വിവര ശേഖരണം നടത്തുമ്പോൾ സ്ഥാപനം ബഡ്സ് സ്കൂളായാണോ ബി ആർ സി ആയാണോ പ്രവർത്തിക്കുന്നത് എന്ന് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്

**ക്വാർട്ടർ –1 (2019 മെയ് –ജൂലൈ)**

സംസ്ഥാന മിഷനിൽ നിന്നും നൽകുന്ന എക്സൽ ഷീറ്റിൽ വിവര ശേഖരണം നടത്തുക. ശേഖരിച്ച വിവരങ്ങൾ ജില്ലാ പ്രോഗ്രാം മാനേജർമാർ ബ്ലോക്ക് കോർഡിനേറ്റർമാരിൽ നിന്നും ശേഖരിച്ചു ജൂൺ ആദ്യ വാരം തന്നെ ക്രോഡീകരിച്ച എക്സൽ ഷീറ്റുകൾ സംസ്ഥാന മിഷനിലേക്കു അയച്ചു നൽകേണ്ടതാണ്.

1 )200 പുതിയ ബഡ്സ് സ്ഥാപനങ്ങൾ പ്രഖ്യാപിക്കുന്നതിന് മുമ്പുള്ള 182 സ്ഥാപനങ്ങൾ

2 ) 200 പുതിയ സ്ഥാപനങ്ങളിൽ ഉൾപെട്ടവ (12.5 ലക്ഷം രൂപ നൽകിയത്)

3 )മേൽ പറഞ്ഞവയിൽ ഉൾപ്പെടാതെ 2018–19 വർഷം മുതൽ ആരംഭിച്ചവ. ഇവയെ ഒരു കാരണവശാലും 12.5 ലക്ഷം രൂപ നൽകിയ സ്ഥാപനങ്ങളുടെ ഒപ്പം ഉൾപ്പെടുത്താൻ പാടുള്ളതല്ല.

ഈ മൂന്ന് വിഭാഗത്തിലും ഉൾപ്പെട്ട സ്ഥാപനങ്ങളുടെ വിവരശേഖരണം നടത്തേണ്ടതാണ്.

## ക്വാർട്ടർ –2 (2019 ഓഗസ്റ്റ് – ഒക്ടോബർ)

200 പുതിയ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട (12.5 ലക്ഷം രൂപ നൽകിയത്) സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് വിവരങ്ങൾ ശേഖരിച്ചു സ്പ്രെഡ് ഷീറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ഇവ കൂടാതെ കുടുംബശ്രീയുടെ സാമ്പത്തിക സഹായം ഇല്ലാതെ ആരംഭിച്ച പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങളും അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഇവയെ ഒരു കാരണവശാലും 12.5 ലക്ഷം രൂപ നൽകിയ സ്ഥാപനങ്ങളുടെ ഒപ്പം ഉൾപ്പെടുത്താൻ പാടുള്ളതല്ല.

## ക്വാർട്ടർ –3 (2019 നവംബർ – 2020 ജനുവരി)

200 പുതിയ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട (12.5 ലക്ഷം രൂപ നൽകിയത്) സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് വിവരങ്ങൾ ശേഖരിച്ചു സ്പ്രെഡ് ഷീറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ഇവ കൂടാതെ കുടുംബശ്രീയുടെ സാമ്പത്തിക സഹായം ഇല്ലാതെ ആരംഭിച്ച പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങളും അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഇവയെ ഒരു കാരണവശാലും 12.5 ലക്ഷം രൂപ നൽകിയ സ്ഥാപനങ്ങളുടെ ഒപ്പം ഉൾപ്പെടുത്താൻ പാടുള്ളതല്ല.

# BUDS 14
# വെബ് മോണിറ്ററിംഗ്

പദ്ധതിയുടെ ഭൗതിക സാമ്പത്തിക നേട്ടങ്ങളെ വിലയിരുത്തേണ്ടത് ആവശ്യമായതിനാൽ വെബ് മോണിറ്ററിംഗ് ടേബിളുകൾ നൽകിയിട്ടുണ്ട്. എല്ലാ മാസവും 4–ാം തിയതിക്ക് മുമ്പ് എല്ലാ മോണിറ്ററിങ് ടേബിളുകളും പരിശോധിക്കേണ്ടതും ആവശ്യമായ വിവരങ്ങൾ ചേർക്കേണ്ടതുമാണ്. നിശ്ചയിച്ചിട്ടുള്ള സമയത്തിനുള്ളിൽ തന്നെ ഇവ പൂർണ്ണമായും പൂരിപ്പിക്കേണ്ടതാണ്. വെബ് മോണിറ്ററിംഗ് ടേബിൾ അപ്ഡേറ്റ് ചെയ്യുന്ന സമയങ്ങളിൽ സ്ഥിതി വിവര കണക്കുകളിൽ ഇരട്ടിക്കൽ ഉണ്ടാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ വർഷം ബഡ്സ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രവർത്തനങ്ങളുടെ വെബ് മോണിറ്ററിംഗ് ടേബിൾ നമ്പറുകൾ

**1067, 1068, 1069, 1071, 1072, 1073, 1074, 1078, 1079, 1080, 1081**

## ശ്രദ്ധിക്കുക

മേൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളുടെയും റിപ്പോർട്ട് ഓരോ ക്വാർട്ടറിലും കൃത്യമായി ഡോക്യുമെന്റ് ചെയ്യാൻ ബ്ലോക്ക് കോ-ഓർഡിനേറ്റർ, ഡി.പി.എം എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. ഓരോ ക്വാർട്ടറും അവസാനിച്ചു ഒരാഴ്ചക്കുള്ളിൽ ജില്ലയുടെ ക്രോഡീകരിച്ച റിപ്പോർട്ട് ഡി.പി.എം സ്റ്റേറ്റ് മിഷനിൽ ലഭ്യമാക്കേണ്ടതാണ്. ഓരോ പ്രവർത്തനങ്ങൾ നടക്കുമ്പോഴും പദ്ധതികളുമായി ബന്ധപ്പെട്ട ഫോട്ടോകളും റിപ്പോർട്ടുകളും എടുക്കുന്നതായി ജില്ലാമിഷൻ ടീം ഉറപ്പാക്കേതാണ്.



## ബഡ്സ് സ്ഥാപനങ്ങളുടെ 2019 – 2020 വർഷത്തെ പ്രവർത്തനങ്ങൾക്കായി മാറ്റി വെച്ചിരിക്കുന്ന തുകയുടെ വിവരങ്ങൾ

| Sl. No | District | BUDS 03 | BUDS 05 | BUDS 06 | BUDS 07 | BUDS 08 | BUDS 12 | TOTAL ALLOCATION |
|---|---|---|---|---|---|---|---|---|
| | | NEW BUDS DECLARED 2019-20 | CAPACITY BUILDING | BUDS HOME | BUDS VEHICLE | BUDS FEST | NIRAMAYA INSURANCE | |
| 1 | Thiruvananthapuram | 0 | 245000 | 1182778 | 3000000 | 300000 | 2500 | **4730278** |
| 2 | Kollam | 0 | 185000 | 1182778 | 0 | 300000 | 2500 | **1670278** |
| 3 | Pathanamthitta | 0 | 93000 | 1182778 | 0 | 175000 | 2500 | **1453278** |
| 4 | Alappuzha | 0 | 161000 | 1182778 | 2977038 | 250000 | 2500 | **4573316** |
| 5 | Kottayam | 0 | 97000 | 1182778 | 0 | 175000 | 2500 | **1457278** |
| 6 | Idukki | 0 | 65000 | 1182778 | 1500000 | 125000 | 2500 | **2875278** |
| 7 | Ernakulam | 0 | 245000 | 1182778 | 0 | 300000 | 2500 | **1730278** |
| 8 | Thrissur | 0 | 125000 | 1182778 | 1427790 | 250000 | 2500 | **2988068** |
| 9 | Palakkad | 0 | 153000 | 1182778 | 1414080 | 250000 | 2500 | **3002358** |
| 10 | Malappuram | 0 | 197000 | 1182778 | 8352058 | 300000 | 2500 | **10034336** |
| 11 | Kozhikkode | 0 | 205000 | 1182778 | 6000000 | 300000 | 2500 | **7690278** |
| 12 | Wayanad | 0 | 97000 | 1182778 | 0 | 175000 | 2500 | **1457278** |
| 13 | Kannur | 0 | 161000 | 1182778 | 7062152 | 250000 | 2500 | **8658430** |
| 14 | Kasaragod | 0 | 129000 | 1182778 | 0 | 250000 | 2500 | **1564278** |
| | **STATE MISSION** | 62500000 | 1615000 | 0 | 0 | 2000000 | 0 | **66115000** |
| | TOTAL ALLOCATION | 62500000 | 3773000 | 16558892 | 31733118 | 5400000 | 35000 | 120000010 |

